മാക്കിയതിന്റെ ഫലമായി എത്ര തൊഴിലാളികൾക്ക് ക്ഷേമനിധി അംഗത്വം നഷ്ടപ്പെട്ടിട്ടുണ്ട് ;

(ബി) അഞ്ചുവർഷത്തിൽകൂടുതൽ സർവ്വീസുള്ള തൊഴിലാളികൾക്ക് നിലവിൽ കിട്ടിക്കൊണ്ടിരുന്ന പെൻഷൻ കുറച്ചിട്ടുണ്ടോ ;

(സി) എല്ലാവരുടെയും പെൻഷൻ 500 രൂപയായി നിശ്ചയിച്ചിട്ടുണ്ടോ ;

(ഡി) ഇതുമൂലം പെൻഷൻ നഷ്ടം സംഭവിച്ചിട്ടുള്ള തൊഴിലാളികൾക്ക് അത് പുനഃസ്ഥാപിച്ചു നൽകുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുമോ ;

(ഇ) ക്ഷേമനിധി അംഗങ്ങൾ രോഗംമൂലമോ മതിയായ കാരണങ്ങളാലോ അംശദായം അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയാൽ അംഗത്വം പുനഃസ്ഥാപിച്ചു കൊടുക്കുന്നതിനുള്ള വ്യവസ്ഥകളുണ്ടോ ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) ആർക്കും അംഗത്വം നഷ്ടപ്പെട്ടിട്ടില്ല.

(ബി) ഇല്ല.

(സി) 10-9-2013-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ1608/2013/തൊഴിൽ ഉത്തരവ് പ്രകാരം കുറഞ്ഞ പെൻഷൻ 500 രൂപയായി നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. ഇതുസംബന്ധിച്ച ചട്ടം ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) നിലവിൽ തൊഴിലാളികൾക്ക് പെൻഷനിൽ നഷ്ടം സംഭവിച്ചിട്ടില്ല.

(ഇ) ഉണ്ട്. കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഒരു വർഷത്തിലധികം അംശദായ കുടിശ്ശിക വന്ന് അംഗത്വം നഷ്ടപ്പെട്ടവർക്ക് നിലവിലെ നിയമങ്ങൾക്കും, ചട്ടങ്ങൾക്കും വിധേയമായി അംഗത്വം പുന:സ്ഥാപനം നടത്തി നല്കുന്നുണ്ട്. രണ്ട് പ്രാവശ്യം വരെ അംശദായ കുടിശ്ശിക വന്ന് അംഗത്വം നഷ്ടപ്പെട്ട അംഗത്തൊഴിലാളികൾക്ക് അംഗത്വ പുന:സ്ഥാപനം നടത്തുന്നതിന്, അതാത് ജില്ലാ ഓഫീസുകളിൽ അപേക്ഷ നല്കി അംഗത്വം പുനഃസ്ഥാപിക്കുന്നതിന് നിലവിൽ വ്യവസ്ഥയുള്ളതാണ്. കൂടാതെ അംഗത്തൊഴിലാളികൾക്ക് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറുടെ തീരുമാനത്തിൽ എന്തെങ്കിലും ആക്ഷേപമുള്ള പക്ഷം 30 ദിവസത്തിനകം ബോർഡ് സെക്രട്ടറിക്ക് അപ്പീൽ സമർപ്പിക്കുന്നതിനുള്ള അവസരവും നിലവിലുണ്ട്.

നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിനുവേണ്ടി സെസ് തുക നിർണ്ണയിക്കൽ

168 (6893) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർമ്മാണതൊഴിലാളി ക്ഷേമനിധി ബോർഡിനുവേണ്ടി സെസ് തുക നിർണ്ണയിച്ച് പിരിച്ചെടുക്കുന്നതിന് നിലവിൽ വകുപ്പിലുള്ള ജീവനക്കാരുടെ എണ്ണം അപര്യാപ്തമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) തൊഴിൽ വകുപ്പിൽ ഒന്നാം ഗ്രേഡ് അഡീഷണൽ ലേബർ ഓഫീസർമാരുടെ അധികമായ തസ്തിക സൃഷ്ടിച്ച് നിർമ്മാണത്തൊഴിലാളിക്ഷേമ ബോർഡിന് കൈമാറുന്നതിനുള്ള ശിപാർശ ധനകാര്യവകുപ്പിന്റെ പരിഗണനയ്ക്കായി നൽകിയിട്ടുണ്ടോ ;

(സി) ആയതിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ഡി) നിർമ്മാണത്തൊഴിലാളി ക്ഷേമസെസ് ഈടാക്കുന്നത് സംബന്ധിച്ച് നിലവിലുള്ള വീടുകളുടെയും മറ്റും നിർമ്മാണച്ചെലവ് തുകയുടെ പരിധി കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തൊഴിൽ വകുപ്പിന്റെ പുനഃസംഘടന സംബന്ധിച്ച പരിശോധിച്ച് ഒന്നാം ഗ്രേഡ് അസിസ്റ്റന്റ് ലേബർ ഓഫീസർ തസ്തിക സൃഷ്ടിക്കുന്നതിനുള്ള ശിപാർശകളും ഉൾക്കൊള്ളുന്നു. പ്രസ്തുത വിഷയം ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

(സി) ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്ക് നല്കിയിരിക്കുന്നു.

(ഡി) ഈ വിഷയം കേന്ദ്ര ഗവൺമെന്റിന്റെ പരിധിയിൽ ഉള്ളതാണ്.

തൊഴിലാളി ക്ഷേമനിധി വിഹിതം

189 (6894) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മാണം പൂർത്തിയാക്കുന്ന എല്ലാ വീടുകളും കെട്ടിടങ്ങളും തൊഴിലാളി ക്ഷേമനിധിയിലേക്ക് നിശ്ചിത തുക അടയ്ക്കാൻ നിഷ്കർഷിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര സ്കയർ ഫീറ്റിന് മുകളിലുള്ള വീടുകൾ/കെട്ടിടങ്ങൾക്കാണ് ഇത് ബാധകം എന്ന് വ്യക്തമാക്കുമോ ;

(ബി) പണി പൂർത്തിയാക്കുന്ന വീടുകളുടെയും കെട്ടിടങ്ങളുടെയും വിവരം എങ്ങനെയാണ് ക്ഷേമനിധി ബോർഡ് മനസ്സിലാക്കുന്നത് ;

(സി) പണി പൂർത്തിയായ വീടുകൾക്കും കെട്ടിടങ്ങൾക്കും ക്ഷേമനിധി ബോർഡ് തുക ഈടാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ; കെട്ടിടത്തിന്റെ ആഡംബര പണികൾക്ക് പ്രത്യേകം തുക ഈടാക്കുന്നുണ്ടോ ;

(ഡി) ഇത്തരത്തിൽ പിരിച്ചെടുക്കുന്ന പണം എന്തൊക്കെ ആവശ്യത്തിനാണ് ക്ഷേമനിധി ബോർഡ് ഉപയോഗിക്കുന്നത് എന്ന് വ്യക്തമാക്കുമോ ; തൊഴിലിനിടെ അപകടം സംഭവിക്കുന്ന തൊഴിലാളികൾക്ക് ഇതിന്റെ വിഹിതം ലഭിക്കാറുണ്ടോ ; എന്തൊക്കെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് പ്രസ്തുത തുക അപകടത്തിൽപ്പെട്ട തൊഴിലാളികൾക്ക് നൽകാറുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly